**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 42** **27-06-2022 - ൽ മറുപടിയ്ക്ക്**

**വിവിധ വകുപ്പുകളിലെ അധിക തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗവ. സെക്രട്ടേറിയറ്റിൽ ഉൾപ്പെടെ വിവിധ വകുപ്പുകളിൽ ജോലിഭാരം അനുസരിച്ച് തസ്തികകൾ ക്രമീകരിക്കുവാനും അധിക തസ്തിക കണ്ടെത്തി ജീവനക്കാരെ പുനർവിന്യസിക്കാനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തിക കണ്ടെത്തുന്നതിനുമായി വകുപ്പുതല സമിതികൾ രൂപീകരിക്കുന്നതിന് 23.03.2022 ലെ സ.ഉ(കൈ)നം.2/2022/ഉഭപവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | എല്ലാ വകുപ്പുകളിലും ഗവ. സെക്രട്ടറിമാർ അധ്യക്ഷനായുള്ള സമിതി പഠനം നടത്തി അധിക തസ്തികകൾ കണ്ടെത്താൻ ചീഫ് സെക്രട്ടറി തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇപ്രകാരം സെക്രട്ടറിതല സമിതികൾ കണ്ടെത്തുന്ന അധിക തസ്തികകൾ പുനക്രമീകരിക്കുന്നതിന് മുൻപ് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്താനും അവരുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിക്കാനും തയ്യാറാകുമോ; | (ബി) | ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തിക കണ്ടെത്തുന്നതിനുമായി വകുപ്പുതല സമിതികൾ രൂപീകരിക്കുന്നതിന് 23.03.2022 ലെ സ.ഉ(കൈ)നം.2/2022/ഉഭപവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഇതുവരെ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടുകളിൽ കൂടുതലായി തസ്തികകൾ അനുവദിക്കണമെന്ന് ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളിൽ; വിശദാംശം നൽകുമോ; | (സി) | ശിപാർശകൾ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | സ്റ്റേഷനറി വകുപ്പിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ പുതിയ ചില തസ്തികകൾ കൂടി അനുവദിക്കണമെന്ന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ സ്റ്റേഷനറി വകുപ്പുമായി ബന്ധപ്പെട്ട വർക്ക്സ്റ്റഡി റിപ്പോർട്ടിലെ ശിപാർശയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ഡി) | പരിശോധിച്ചു വരുന്നു |
| (ഇ) | സ്റ്റേഷനറി വകുപ്പിലെ മേഖലാ ഓഫീസുകൾ നിർത്തലാക്കാനും തസ്തികകൾ വെട്ടിക്കുറയ്ക്കാനും വകുപ്പ് സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെയും മിനിട്സിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ? | (ഇ) | ഇല്ല. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ നിർദ്ദേശപ്രകാരം വകുപ്പ സെക്രട്ടറി ചെയർമാനായി പ്രത്യേക സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - വൈജ്ഞാനിക ഭരണ നിർവ്വഹണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ കണ്ടെത്തുന്നതിനുമായി വകുപ്പുതല പ്രത്യേക സമിതികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ-13) വകുപ്പ്**

സ.ഉ.(കൈ)നം.2/2022/ഉഭപവ തിരുവനന്തപുരം,തീയതി 23.03.2022

================================================================

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ വൈജ്ഞാനിക ഭരണ നിർവ്വഹണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ കണ്ടെത്തുന്നതിനുമായി ഓരോ വകുപ്പിലും ചുവടെ ചേർക്കുന്ന വിധം പ്രത്യേക സമിതികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| വകുപ്പ് സെക്രട്ടറി | - | ചെയർമാൻ |
| വകുപ്പ് തലവൻ | - | മെമ്പർ |
| ധനകാര്യ വകുപ്പിന്റെ പ്രതിനിധി | - | മെമ്പർ |
| ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ പ്രതിനിധി | - | കൺവീനർ |

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ വർക്ക്സ്റ്റഡിയുടെ നോഡൽ സെക്ഷൻ ആയ ഉദ്യോഗസ്ഥഭരണ പരിഷ്കാര (എ.ആർ-6) വകുപ്പ് ഈ വിഷയം കൈകാര്യം ചെയ്യുന്ന നോഡൽ സെക്ഷനായി പ്രവർത്തിക്കുന്നതാണ്.

ഇപ്രകാരം രൂപീകരിക്കുന്ന സമിതികൾ മൂന്നു മാസത്തിനുള്ളിൽ ഈ വിഷയത്തിലുള്ള റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.വി.പി.ജോയി**

**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും

എല്ലാ വകുപ്പ് തലവന്മാർക്കും

പൊതുഭരണ (എസ് സി) വകുപ്പ്

സെക്രട്ടേറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ-6) വകുപ്പ്

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഇതുവരെ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടുകളിൽ അധിക തസ്തികകൾ അനുവദിക്കുന്നതിന് നൽകിയ ശിപാർശകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | വകുപ്പ് | റിപ്പോർട്ടിന്റെ വർഷം | ശിപാർശ നൽകിയിട്ടുള്ള തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | പോലീസ് വകുപ്പ് | 1975 | 6 |
| 2 | Intelligence and audit Wing of the Agricultural Income Tax and Sales Tax | 1975 | 1 |
| 3 | ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് | 1976 | 323 |
| 4 | എക്സൈസ് വകുപ്പ് | 1976 | 44 |
| 5 | പൊതു ഭരണ (അക്കൗണ്ട്സ് )വകുപ്പ് | 1981 | 3 |
| 6 | കൃഷി വകുപ്പ് | 1981 | 2 |
| 7 | പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് | 1988 | 7 |
| 8 | പോലീസ് മിനിസ്റ്റീരിയൽ വിംഗ് | 1989 | 4 |
| 9 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 1989-90 | 7 |
| 10 | കൃഷി വകുപ്പ് | 1989 | 17 |
| 11 | പൊതു ഭരണ വകുപ്പ് | 1989 | 24 |
| 12 | ഹൗസിംഗ് വകുപ്പ്, സെക്രട്ടേറിയറ്റ് | 1989 | 2 |
| 13 | സഹകരണ വകുപ്പ് | 1990 | 1 |
| 14 | പോലീസ് വകുപ്പ് - റേഞ്ച് ഡി.ഐ.ജിമാരുടെ ഓഫീസ് | 1990 | 4 |
| 15 | പോലീസ് വകുപ്പ് - ക്രൈംബ്രാഞ്ച് സി.ഐ.ഡി | 1990 | 42 |
| 16 | വാണിജ്യനികുതി വകുപ്പ് | 1990 | 1 |
| 17 | കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് | 1990 | 52 |
| 18 | പൊതുജന സമ്പർക്ക വകുപ്പ് | 1990 | 6 |
| 19 | തൊഴിൽ വകുപ്പ് | 1990 | വിവിധ കാറ്റഗറികളിലായി |

| | | | |
|---|---|---|---|
| | | | 64 തസ്തികകൾ കൂടാതെ ഗ്രേഡ്-2 അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെ എണ്ണം സംബന്ധിച്ച തൊഴിൽ വകുപ്പിന്റെ പുതുക്കിയ നിബന്ധനകൾ പ്രകാരം പുതിയതായി സൃഷ്ടിക്കേണ്ട ഗ്രേഡ്-2 അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെ എണ്ണം ഭരണ വകുപ്പ് തീരുമാനിക്കേണ്ടതാണെന്നും ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന ഓഫീസുകളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ, എൽ.ഡി.ക്ളാർക്ക്, പ്യൂൺ എന്നിവയുടെ ഓരോ തസ്തികകളും മറ്റാവശ്യമുള്ള തസ്തികളും സൃഷ്ടിക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. |
| 20 | സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ | 1991 | 2 |
| 21 | പഞ്ചായത്ത് വകുപ്പ് | 1992 | 15 |
| 22 | സ്റ്റേഷനറി വകുപ്പ് | 1992 | 45 |
| 23 | സ്റ്റേഷനറി വകുപ്പ് - സ്റ്റേഷനറി വർക്ക് ഷോപ്പുകൾ | 1992 | 4 |
| 24 | വിനോദ സഞ്ചാര വകുപ്പ് | 1992 | 9 |
| 25 | ഊർജ്ജ വകുപ്പ് | 1992 | 4 |
| 26 | പൊതു ഭരണ വകുപ്പ് | 1992 | 20 |
| 27 | പട്ടിക ജാതി വകുപ്പ് | 1992 | 4 |
| 28 | പോലീസ് ഹെഡ്ക്വാർട്ടേഴ്സ് , തിരുവനന്തപുരം | 1995 | 12 |
| 29 | അച്ചടി വകുപ്പ് | 1996 | 2 |
| 30 | മൃഗ സംരക്ഷണ വകുപ്പ് | 1996 | 48 |

| | | | |
|---|---|---|---|
| 31 | ഫിഷറീസ് വകുപ്പ് | 1996 | 43 |
| 32 | പൊതുമരാമത്ത് വകുപ്പ്-ഇലക്ട്രിക്കൽ വിംഗ് | 1996 | 79 |
| 33 | ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് | 1996 | 21 |
| 34 | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് | 1997 | 263 |
| 35 | കേരള ഗസറ്റീയേഴ്സ് വകുപ്പ് | 1997 | 2 |
| 36 | കൊളീജിയറ്റ് എജ്യൂക്കേഷൻ വകുപ്പ് | 1997 | 28 |
| 37 | ജലഗതാഗത വകുപ്പ് | 1997 | 2 |
| 38 | Creation of Law Officers in Head of Departments | 1998 | 3 |
| 39 | വനം വകുപ്പ് | 1998 | 129 |
| 40 | പുരാരേഖ വകുപ്പ് | 1998 | 58 |
| 41 | കേരള സംസ്ഥാന ടൗൺ പ്ളാനിങ്ങ് വകുപ്പ് | 1998 | 3 |
| 42 | വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് | 1998 | 11 |
| 43 | Post Metric Hostels run by SC/ST Development Department | 1998 | 4 |
| 44 | പട്ടിക ജാതി വികസന വകുപ്പ് | 1999 | 33 |
| 45 | പൊതുമരാമത്ത് വകുപ്പ് (റോഡ്സ്& ബ്രിഡ്ജസ്) | 1999 | 68 |
| 46 | വിനോദ സഞ്ചാര വകുപ്പ് | 1999 | 1 |
| 47 | മൈനിംഗ് & ജിയോളജി | 2002 | 8 |
| 48 | സോയിൽ സർവ്വേ / കൺസെർവേഷൻ വകുപ്പ് | 2010 | 5 |
| 49 | ഫയർ & റെസ്ക്യൂ വകുപ്പ് | 2010 | 186 |
| 50 | തൊഴിൽ വകുപ്പ് | 2010 | 284 |
| 51 | ലീഗൽ മെട്രോളജി വകുപ്പ് | 2010 | 98 |

| | | | |
|---|---|---|---|
| 52 | ലാന്റ് റവന്യൂ വകുപ്പ് | 2010 | 140 |
| 53 | ഹോമിയോപ്പതി വകുപ്പ് | 2010 | 259 |
| 54 | ഇൻഡസ്ട്രിയൽ ട്രെയിനിംഗ് | 2010 | 21 |
| 55 | സെക്രട്ടറിയേറ്റിലെ ടൂറിസം വകുപ്പ് | 2013 | 4 |
| 56 | ഫാക്ടറീസ് & ബോയ്ലേഴ്സ് വകുപ്പ് | 2013 | 23 |
| 57 | പോലീസ് വകുപ്പ് | 2013 | 338 |
| 58 | സർവേയും ഭൂരേഖയും വകുപ്പ് | 2013 | 1 |
| 59 | ഡ്രഗ്സ് കൺട്രോൾ വകുപ്പ് | 2013 | 39 |
| 61 | ഭൂജല വകുപ്പ് | 2013 | 5 |
| 62 | വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ വകുപ്പ് | 2013 | 7 |
| 63 | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വകുപ്പ് | 2014 | 68 |
| 64 | ക്ഷീരവികസന വകുപ്പ് | 2014 | പ്രതിമാസം 50,000 ലിറ്റർ മുതൽ 1,49,000 ലിറ്റർ വരെ പാലുൽപ്പാദനം നടക്കുന്ന സ്ഥലങ്ങളിൽ ഒരു ഡി.ഇ.ഒ, ഒരു ഡി.എഫ്.ഐ, ഒരു ക്ലർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ് തസ്തികയും, 1,50,000 മുതൽ 5,99,999 വരെ ഉൽപ്പാദനം നടക്കുന്ന സ്ഥലങ്ങളിൽ ഒരു ഡി.ഇ.ഒ, രണ്ട് ഡി.എഫ്.ഐ, ഒരു ക്ലർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ് തസ്തികയും ആറ് ലക്ഷത്തിനു മുകളിൽ പ്രതിമാസ ശരാശരി ഉൽപ്പാദനം ഉള്ള സ്ഥലങ്ങളിൽ ഒരു ഡി.ഇ.ഒ, മൂന്ന് ഡി.എഫ്.ഐ, ഒരു ക്ലർക്ക്, ഒരു |

| | | | |
|---|---|---|---|
| | | | ഓഫീസ് അറ്റൻഡന്റ് തസ്തികയും അനുവദിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. |
| 65 | സാമൂഹ്യനീതി വകുപ്പ് | 2014 | വിവിധ കാറ്റഗറികളിലായി 11 തസ്തികകൾ. കൂടാതെ മേട്രൺ തസ്തിക നിലവിലുള്ള എല്ലാ ക്ഷേമസ്ഥാപനങ്ങളിലും ഓരോ മേട്രൺ തസ്തികയും എല്ലാ വൃദ്ധ മന്ദിരങ്ങളിലും ഓരോ മെയിൽ/ഫീമെയിൽ അറ്റൻഡർ തസ്തികയും കൂടി അനുവദിക്കുവാനും ശിപാർശ ചെയ്തിട്ടുണ്ട്. |
| 66 | ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് | 2014 | 150 |
| 67 | പ്രവാസി കേരളീയ വകുപ്പ് | 2014 | 37 |
| 68 | സൈനിക വെൽഫയർ വകുപ്പ് | 2014 | 34 |
| 69 | പൊതുവിദ്യാഭ്യാസ വകുപ്പ് | 2015 | 163 |
| 70 | പൊതു വിദ്യാഭ്യാസ വകുപ്പ് | 2015 | 1 |
| 71 | വ്യവസായ വാണിജ്യ വകുപ്പ് | 2016 | 69 |
| 72 | പുരാരേഖാ വകുപ്പ് | 2016 | 41 |
| 73 | പോലീസ് വകുപ്പ് | 2016 | 1680 |
| 74 | ആർക്കിയോളജി വകുപ്പ് | 2017 | 25 |
| 75 | വനവും വന്യജീവിയും വകുപ്പ്-വിജിലൻസ് വിംഗ് | 2017 | 12 |
| 76 | കായികവും യുവജന ക്ഷേമ കാര്യവും വകുപ്പ് ഡയറക്ടറേറ്റ് | 2017 | 8 |
| 77 | ഐ.എം.ജി. | 2017 | 23 |

| | | | |
|---|---|---|---|
| 78 | ഫയർ& റെസ്ക്യു സർവ്വീസസ് | 2018 | 267 |
| 79 | പോലീസ് വകുപ്പ് (ജില്ലാ ആയുധ റിസർവ്വ് ആസ്ഥാനം, തൃശ്ശൂർ ) | 2018 | 261 |
| 80 | എക്സൈസ് വകുപ്പ് | 2018 | 1588 |
| 81 | പാർലമെന്ററികാര്യ വകുപ്പ് | 2018 | 1 |
| 82 | ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ് | 2018 | 1 |
| 83 | ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജുകൾ | 2018 | 292 |
| 84 | പ്രോസിക്യൂഷൻ വകുപ്പ് (ആഭ്യന്തരം) | 2019 | 18 |
| 85 | സ്റ്റേഷനറി വകുപ്പ് | 2019 | 14 |
| 86 | സർവ്വേയും ഭൂരേഖയും വകുപ്പ് | 2019 | 113 |
| 87 | പൊതുമരാമത്ത് വകുപ്പ്-ഇലക്ട്രോണിക്സ് വിംഗ് | 2020 | 130 |
| 88 | പട്ടിക വർഗ്ഗ വികസന വകുപ്പ് | 2020 | 43 |
| 89 | KIRTADS | 2020 | 6 |

"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസം - അച്ചടിയും സ്റ്റേഷനറിയും വകുപ്പ് - വൈജ്ഞാനിക ഭരണ നിർവ്വഹണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ കണ്ടെത്തുന്നതിനും പ്രത്യേക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.783/2022/HEDN — തീയതി, തിരുവനന്തപുരം, 26-05-2022

---

പരാമർശം:-
1. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ-13) വകുപ്പിന്റെ 23/03/2022ലെ സ.ഉ.(കൈ) 2/2022/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്
2. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ-6) വകുപ്പിന്റെ 16/05/2022-ലെ സ.ഉ.(സാധാ) 167/2022/P&ARD നമ്പർ സർക്കാർ ഉത്തരവ്.

<u>ഉത്തരവ്</u>

വൈജ്ഞാനിക ഭരണ നിർവ്വഹണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ കണ്ടെത്തുന്നതിനുമായി അച്ചടിയും സ്റ്റേഷനറിയും വകുപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കും പ്രകാരം സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| വകുപ്പ് സെക്രട്ടറി | - | ചെയർമാൻ |
| അച്ചടി വകുപ്പ് ഡയറക്ടർ | - | മെമ്പർ |
| സ്റ്റേഷനറി കൺട്രോളർ | - | മെമ്പർ |
| ശ്രീമതി.കാഞ്ചന.റ്റി,അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് | - | മെമ്പർ |
| ഡെപ്യൂട്ടി സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്/ഉപദേശ-സി) വകുപ്പ് | - | കൺവീനർ |

സമിതി മൂന്ന് മാസത്തിനുള്ളിൽ ഈ വിഷയത്തിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

ഡയറക്ടർ, അച്ചടി വകുപ്പ്

../2022/HEDN

കൺട്രോളർ, സ്റ്റേഷനറി വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Bindu V K
Date: 26-05-2022 17:43:09

സെക്ഷൻ ഓഫീസർ

പകർപ്പ്- ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറി (അച്ചടിയും സ്റ്റേഷനറിയും) യുടെ പി.എ യ്ക്ക്.